## 1167

ഹോ!ഹ! പ്രിയ സ്നേഹിതാ സോദരാ! സാദരം ശ്രുണുമേ വചനം
ഹാലാഹലതുല്യമായ മായ നമ്മെ ഹന്ത നരകത്തിൽ തള്ളിക്കളയുമേ

1 പാരിൽ പാപമില്ലാത്ത പുരുഷരില്ലായ്കയാൽ
നേരായ് മരണം നമ്മിൽ ഘോരമായ് വരികയാൽ
പാപം പെരുകും കൃപാധാരൻ നീതിയെ സുത
സാരമേധത്താൽ പരിപൂരണം ചെയ്തു നാഥൻ-

2 വേദസ്വരൂപൻ മഹാ വേദനപരനായി
മോദമധുമധുര സ്വേദനമൃതനായി
പാതകം തീർത്തു നമ്മെ നീതികരിപ്പാനുയിർ-
ത്താദിഗുരുവാം ക്രിസ്തുനാഥനെ ഭജിക്കെടോ-

3 പാവനമായ തന്റെ ഭവ്യശോണിതം തന്നാൻ
പാപികളായ നമ്മെ പാലനം ചെയ്‌വതിന്നായ്
പാവനാത്മാവിൽ നിന്ന് ബോധമുദിപ്പിക്കുന്ന
ഭാഗധേയമാം ഭക്തപലനെ ഭജിക്കെടോ-

4 പാപീ! അനുതപിക്ക പാപിയനുതപിക്ക
പാപിയനുതപിച്ചാൽ പാപമോചനം വരും
ഇത്യേവം പറയുന്ന മർത്ത്യനെ ദുഷിച്ചഘ
കൃത്യമായ മായയിൽ മർത്ത്യാ നീ മുഴുകായ്ക-

5 ക്രിസ്തോ ജഗൽഗുരോ ക്രിസ്തോ പരമഗുരോ
ക്രിസ്തോ വേദഗുരോ ക്രിസ്തോ വിജ്ഞാനഗുരോ
ക്രിസ്തോ ദൈവപുത്രാ ക്രിസ്തോ മനുഷ്യപുത്രാ
ക്രിസ്തോ രക്ഷരക്ഷ മാം ഇത്യേവം സ്തുതിക്കെടോ-

**J.J.**